ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി തേക്ക് തടികൾക്ക് 50,000/- (അൻപതിനായിരം) രൂപയും, മറ്റു തടികൾക്ക് 25,000/- (ഇരുപത്തി അയ്യായിരം) രൂപയും, മറ്റു വനവിഭവങ്ങൾക്ക് 5000/- (അയ്യായിരം) രൂപയും, Teak pole, firewood, Billet എന്നിവയ്ക്ക് 20000/- (ഇരുപതിനായിരം) രൂപയും ക്രമത്തിൽ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടി സാധനങ്ങളുടെ വില ടി തുകയിൽ കവിയുന്നില്ലായെങ്കിൽ മുഴുവൻ തുകയും (നിരതദ്രവ്യം ഉൾപ്പെടെ) ലേലം

കഴിഞ്ഞാലുടനെ കെട്ടി വെയ്ക്കേണ്ടതാണ്.ലേലത്തുക 50,000/- രൂപയിൽ കവിയുന്ന പക്ഷം ലേലത്തുകയുടെ 35% രൂപയോ, കൂടിയത് 100000/- (ഒരുലക്ഷം) രൂപയോ ഇതിൽ ഏതാണോ കൂടുതൽ ആ തുക ലേലം കഴിഞ്ഞാലുടൻ തന്നെ ഒടുക്കേണ്ടതാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ വിലയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 40 ദിവസത്തിനകം ബാക്കി വിലയും അതാതു കാലങ്ങളിൽ നിലവിലുള്ള നിരക്ക് പ്രകാരം നികുതികളും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നിയമാനുസൃത പാസ് വാങ്ങി നീക്കം ചെയ്യേണ്ടതാണ്. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 08.01.2002 ലെ FU(2)19414/2000 നമ്പരായി 19.01.2002 ലെ 87 നമ്പർ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള എല്ലാ നിബന്ധനകളും സർക്കാർ തടി ഡിപ്പോകളിൽ നിലവിലുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ഈ ലേലത്തിന് ബാധകമായിരിക്കും. ലേല വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലോ ആവശ്യമായി വരുന്ന പക്ഷം അതാതു ലേലത്തിൽ പങ്കെടുക്കുന്നവരെ ലേലം തുടങ്ങുന്നതിനു മുൻപ് വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാതു റെയിഞ്ചുകളിൽ പ്രവർത്തി സമയങ്ങളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

| | |
|---|---|
| റാന്നി | 07.01.2026, 04.02.2026, 11.03.2026, 08.04.2026, 06.05.2026, 03.06.2026, 08.07.2026, 05.08.2026, 09.09.2026, 07.10.2026, 04.11.2026, 03.12.2026 |
| വടശ്ശേരിക്കര | 21.01.2026, 11.02.2026, 17.03.2026, 22.04.2026, 13.05.2026, 10.06.2026, 15.07.2026, 18.08.2026, 16.09.2026, 14.10.2026, 11.11.2026, 09.12.2026 |
| ഗുഡ്രിക്കൽ | 29.01.2026, 18.02.2026, 25.03.2026, 28.04.2026, 20.05.2026, 17.06.2026, 22.07.2026, 20.08.2026, 24.09.2026, 28.10.2026, 18.11.2026, 16.12.2026 |

**എൻ. രാജേഷ് ഐ എഫ് എസ്**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
**(കേരള ഗവർണർക്കുവേണ്ടി )**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ KFDDO/70477/25-DFOCLKDY/CC5. 2025 ഡിസംബർ 16.

ചാലക്കുടി വനം ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി വകകളും ഡിവിഷൻ പരിധിയിലുള്ള വനമേഖലയിൽ നിന്നും പ്രകൃതിക്ഷോഭംമൂലം ശേഖരിക്കപ്പെടുന്നതും, അപകടഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചു നീക്കിയവയും ഉൾപ്പെടെ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിയ്ക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽ വച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 1-11-2016-ലെ 43-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 5-ൽ പ്രസിദ്ധീകരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്)-ടെ 21-11-2015-ലെ പ്രൊ(4)-26243/2013 നമ്പർ ആയി 15-12-2015-ലെ 49-ാം നമ്പർ ഗസറ്റ് വാല്യം (4)-ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

വിൽക്കാൻ പോകുന്ന സാധനങ്ങളുടെ ഏകദേശ വില നിശ്ചയിച്ചിരിക്കുന്നത—രണ്ട് ലക്ഷത്തിനും മൂന്ന് ലക്ഷത്തിനുമിടയിൽ.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് ₹20,000-ം മറ്റ് തടികൾക്ക് ₹ 10,000-ം എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിയ്ക്ക് മുൻപുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനുശേഷം യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോൺ: 0480 2701340
e-mail: dfo.clkdy.for@kerala.gov.in

ലേലത്തീയതികളുടെ പട്ടിക

| റെയ്ഞ്ചിന്റെ പേര് | *Jan. 2026* | *Feb. 2026* | *March 2026* | *April 2026* | *May 2026* | *June 2026* | *July 2026* | *Aug. 2026* | *Sept. 2026* | *Oct. 2026* | *Nov. 2026* | *Dec. 2026* |
|---|---|---|---|---|---|---|---|---|---|---|---|---|
| പരിയാരം | 8 | 12 | 4 | 9 | 7 | 5 | 3 | 6 | 8 | 8 | 5 | 4 |
| പാലപ്പിള്ളി | 15 | 19 | 11 | 17 | 15 | 11 | 9 | 13 | 10 | 15 | 12 | 10 |
| വെള്ളിക്കുളങ്ങര | 22 | 26 | 18 | 24 | 22 | 19 | 17 | 20 | 17 | 23 | 19 | 18 |

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ചാലക്കുടി ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
ചാലക്കുടി.

## ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ

KFDDO/70477/25-DFOCLKDY/CC5 തിയ്യതി: 16.12.2025

## ലേല പരസ്യം

ചാലക്കുടി വനം ഡിവിഷനിൽപെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ പെട്ട തൊണ്ടി വകകളും ഡിവിഷൻ പരിധിയിലുള്ള വനമേഖലയിൽ നിന്നും പ്രകൃതിക്ഷോഭംമൂലം ശേഖരിക്കപ്പെട്ടുന്നതും, അപകടഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചു നീക്കിയവയും ഉൾപ്പെടെ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിയ്ക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 01.11.2016 ലെ 43-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 5 ൽ പ്രസിദ്ധീകരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് & റിസോഴ്സസ്) റുടെ 21.11.2015 ലെ പ്രാ(4) 26243/2013 നമ്പർ ആയി 15.12.2015 ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം (4) ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000 രൂപയും മറ്റ് തടികൾക്ക് 10,000 രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിയ്ക്ക് മുൻപു തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്ക ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

പട്ടിക

ലേലതീയതികൾ

| റെയ്ഞ്ചിന്റെ പേര് | Jan.2026 | Feb. 2026 | March 2026 | April 2026 | May 2026 | June 2026 | July 2026 | Aug. 2026 | Sep. 2026 | Oct . 2026 | Nov 2026 | Dec. 2026 |
|---|---|---|---|---|---|---|---|---|---|---|---|---|
| പരിയാരം | 8 | 12 | 4 | 9 | 7 | 5 | 3 | 6 | 8 | 8 | 5 | 4 |
| പാലപ്പിള്ളി | 15 | 19 | 11 | 17 | 15 | 11 | 9 | 13 | 10 | 15 | 12 | 10 |
| വെള്ളിക്കുളങ്ങര | 22 | 26 | 18 | 24 | 22 | 19 | 17 | 20 | 17 | 23 | 19 | 18 |

(ഒപ്പ്)

ചാലക്കുടി,
16.12.2025

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ചാലക്കുടി ഡിവിഷൻ
(കേരള ഗവർണ്ണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കേരള വനംവകുപ്പ്
## പാലക്കാട് വനം ഡിവിഷൻ

## ലേല പരസ്യം

ഓ2–139/22 തീയതി : 15.12.2025

പാലക്കാട് ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസ്സുകളിൽപ്പെട്ട തൊണ്ടി വഹകൾ അതാത് റെയിഞ്ചാഫീസുകളിൽ വെച്ച് താഴെ കാണിച്ചിരിക്കുന്ന തീയ്യതികളിൽ രാവിലെ 11 മണിക്ക് താഴെപറയുന്ന ലേല വ്യവസ്ഥകൾ പ്രകാരം പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിശ്ചിത ലേല ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

## പട്ടിക
## ലേല തീയതി

| ഒലവക്കോട് | ഒറ്റപ്പാലം | വാളയാർ |
|---|---|---|
| 12/01/2026 | 14/01/2026 | 16/01/2026 |
| 10/02/2026 | 12/02/2026 | 17/02/2026 |
| 16/03/2026 | 18/03/2026 | 24/03/2026 |
| 21/04/2026 | 23/04/2026 | 28/04/2026 |
| 12/05/2026 | 19/05/2026 | 21/05/2026 |
| 09/06/2026 | 11/06/2026 | 16/06/2026 |
| 21/07/2026 | 23/07/2026 | 24/07/2026 |
| 05/08/2026 | 11/08/2026 | 18/08/2026 |
| 15/09/2026 | 10/09/2026 | 22/09/2026 |
| 27/10/2026 | 14/10/2026 | 29/10/2026 |
| 11/11/2026 | 19/11/2026 | 25/11/2026 |
| 17/12/2026 | 22/12/2026 | 29/12/2026 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ലേല വ്യവസ്ഥകൾ**

1. സർക്കാർ തടിഡിപ്പോയിൽ അതാതുകാലങ്ങളിൽ നിലവിലുള്ളതും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ പ്രോ.5-6835/2009 തിയ്യതി 02.12.2009 പ്രകാരം 29.12.2009 ന് 50-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും.
2. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പ് ലേലത്തിനു വെച്ചിട്ടുള്ള സാധനങ്ങളുടെയും ഗുണനിലവാരവും അളവുകളും വിശദവിവരങ്ങളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിനുശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതി കളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ഓരോ ലേലത്തിനും വിൽക്കാൻ ഉദ്ദേശിക്കപ്പെട്ട തടികൾ, വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിവരങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ, റെയിഞ്ചാഫീസിൽ നിന്നോ ലേലത്തിനു മുമ്പ് അറിയാവുന്നതാണ്.
3. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി ഈട്ടി, തേക്ക് എന്നിവയുടെ ലേലത്തിനാണെങ്കിൽ 20,000/- (ഇരുപതിനായിരം) രൂപയും തടികളുടെ ലേലത്തി നാണെങ്കിൽ 10,000/-(പതിനായിരം) രൂപയും വനവിഭവങ്ങളുടെ കാര്യത്തിൽ 2000/- (രണ്ടായിരം) രൂപയും നിരതദ്രവ്യം പണമായി കെട്ടിവെയ്ക്കേണ്ടതും ലേല നിബന്ധനകൾ അനുസരിക്കുന്നതിന് വീഴ്ച വന്നാൽ തന്മൂലം വകുപ്പിന്/സർക്കാരിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ തന്നിൽനിന്നും ഈടാക്കാവുന്നതാണെന്നും സമ്മതിച്ചുകൊണ്ടുള്ള ഒരു ഉടമ്പടി ഒപ്പുവെയ്ക്കേണ്ട തുമാണ്.
4. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുമുള്ള ഒരു സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/ആധാർകാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നിരദ്രവ്യം കെട്ടിവെക്കുന്നതിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടിമാർക്ക് റജിസ്ട്രേഷനുള്ളവർ അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കി യാൽ മതിയാവുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.
5. ലേലത്തിൽ വിളിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വില 20,000/- രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും 20,000/- രൂപയിൽ കൂടുതലാണെങ്കിൽ മൊത്തം ലേലത്തുകയുടെ മുപ്പത്തി അഞ്ച് ശതമാനം (35%) വില കുറഞ്ഞത് 20,000/- രൂപയും കൂടിയത് 1,00,000/- രൂപയും എന്ന കണക്കിൽ ലേല ദിവസം തന്നെ കെട്ടിവെക്കേണ്ടതാണ്. ഏതെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദേശസാൽകൃത ബാങ്കിലെ നിഷ്കർഷിക്കപ്പെടുന്ന ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

6. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പും ബാക്കി തുക അടച്ചുതീർക്കുവാനുള്ള ചെലാൻ ഫോറവും അയച്ച തീയതി മുതൽ 40 ദിവസത്തിനകം ചെലാൻ ഫോറത്തിൽ കാണിച്ചിട്ടുള്ള സംഖ്യ സർക്കാരിന്റെ നിർദ്ദിഷ്ട ഖജനാവിൽ അടച്ച് ചെലാൻ രസീത് റെയിഞ്ച് ഓഫീസർക്ക് എത്തിച്ച് കൊടുക്കേണ്ടതാണ്. ബാക്കിസംഖ്യ ഖജനാവിൽ അടക്കേണ്ട അവസാന ദിവസം ഒരു പൊതു അവധി ദിവസമായി വരുകയാണെങ്കിൽ അതിനടുത്ത പ്രവർത്തി ദിവസം പിഴ കൂടാതെ പണം അടയ്ക്കാവുന്നതാണ്. ബാക്കി വിലയും നികുതികളും ഓരോ ലോട്ടിന്റെയും തീർത്തടയ്ക്കുന്ന പക്ഷം അതാത് ലോട്ടുകൾ ലേല വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്, എന്നാൽ ലേല ദിവസമോ അത് കഴിഞ്ഞുള്ള 7 ദിവസത്തിനകമോ അടച്ച സംഖ്യ ഏററവും അവസാനം നീക്കം ചെയ്യുന്ന തടികളുടെ വിലക്ക് മാത്രമേ വകകൊള്ളിക്കുകയുള്ളു. ഇപ്രകാരം എല്ലാ ലോട്ടുകളും മുഴുവൻ സംഖ്യയും അടച്ച് തീർത്ത് ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന ദിവസം മുതൽ 40 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്

മേൽ വിവരിച്ച 40 ദിവസത്തിനകം പണം അടച്ച് മരങ്ങൾ നീക്കം ചെയ്യാത്ത പക്ഷം 18% പലിശയോടുകൂടി ബാക്കി സംഖ്യ അടയ്ക്കുന്നതിന് ഒരുമാസം (30 ദിവസം) വരെയും 24% പലിശയും പിഴപലിശയിൻമേൽ 2½% (രണ്ടര ശതമാനം) സർചാർജ്ജും കൂടി വീണ്ടും ഒരു മാസം (30 ദിവസം) വരെയും മുപ്പത്തിയാറ് ശതമാനം പിഴപലിശയും അഞ്ചുശതമാനം പിഴപലിശയിൽ മേൽ സർചാർജ്ജും ഈടാക്കിക്കൊണ്ട് വീണ്ടും ഒരു മാസം കൂടിയും (30 ദിവസം) ഇങ്ങനെ ആകെ മൂന്ന് മാസം വരെ (90 ദിവസം) റെയിഞ്ചാഫീസർക്ക് കാലാവധി ദീർഘിപ്പിച്ച് അനുവദിക്കാവുന്നതാണ്. വെള്ളമരങ്ങളുടെ കാര്യത്തിൽ സൗജന്യ കാലാവധി 15 ദിവസമായിരിക്കും അതുകഴിഞ്ഞാൽ റെയിഞ്ചാഫീസർ 15 ദിവസംകൂടി 24% പലിശ, 2½% സർചാർജ്ജ് എന്നിവ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഇങ്ങനെ പലിശ കണക്കാക്കുമ്പോൾ ഒരു ദിവസമായാലും ഒരു മാസത്തെ പലിശ ഈടാക്കുന്നതായിരിക്കും. അതിനുശേഷം യാതൊരു കാരണവശാലും കാലാവധി നീട്ടികൊടുക്കുന്നതല്ലാത്തതും ലേലകാരൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടിയതിനുശേഷം പ്രത്യേകം അറിയിപ്പില്ലാതെ ലേലം റദ്ദ് ചെയ്യുന്നതായി കണക്കാക്കി ടി വനവിഭവങ്ങൾ അടുത്ത ലേലദിവസം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സംഭവിക്കുന്ന എല്ലാ നഷ്ടങ്ങളും ആദ്യ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അവരിൽനിന്ന് നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ച് നഷ്ടം ഈടാക്കുന്നതുമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ലേല വ്യവസ്ഥകൾക്ക് ഏതെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന പക്ഷം ആയത് ലേല സമയത്ത് വിശദീകരിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് റെയിഞ്ചാഫീസുകളിൽ അന്വേഷിക്കാവുന്നതാണ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഒലവക്കോട്, ഫോൺ : 8547602262, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വാളയാർ, ഫോൺ : 8547602095, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഒറ്റപ്പാലം, ഫോൺ : 8547602087.

8. കോടതിയുടെ അനുമതി വാങ്ങി ലേലം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ മുഴുവൻ വിലയും മറ്റ് നികുതികളും ലേല ദിവസം തന്നെ അടക്കേണ്ടതാണ്. മറ്റുള്ളവരുടെ നികുതികൾ ലേലം സ്ഥിരപ്പെടുത്തി ഉത്തരവായിരിക്കുന്ന ദിവസം മുതൽ 40 ദിവസത്തിനകം അടക്കേണ്ടതാണ്.

ഒപ്പ്/-
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പാലക്കാട്
(കേരള ഗവർണർക്കുവേണ്ടി)

പാലക്കാട്
15.12.2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നെന്മാറ വനം ഡിവിഷൻ

## ഇ-ലേല പരസ്യം

**KFDDO/54475/2025-DFONMR/D** തീയതി **16.12.2025**

നെന്മാറ വനം ഡിവിഷനിലെ ആലത്തൂർ, നെല്ലിയാമ്പതി എന്നീ ഫോറസ്റ്റ് റെയ്ഞ്ചുകളിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ മാർക്ക് ചെയ്ത റബ്ബർ മരങ്ങൾ (തൊലിയുൾപ്പെടെ) താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം 01.11.2016 ലെ കേരള ഗസറ്റ് നമ്പർ 43 വാല്യം 5 ൽ നം.പ്രൊ (4) 26243/13 തീയതി 26.09.2016 ആയി സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർക്കാർ ഡിപ്പോകളിൽ തടി വിൽക്കുന്നതിനുള്ള പൊതു ഇ-ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള നിൽപ്പുമരങ്ങൾ ലേലം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി .M/s MSTC Ltd, www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി M/s. MSTC Ltd മുഖേന **24.12.2025** ന് **1.30 PM** മണിക്ക് ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമ പ്രകാരമുള്ള നിരതദ്രവ്യം ഇ-പെയ്മെന്റ്/ ഇ-ട്രഷറി വഴി കെട്ടി വയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. മേൽപ്പറഞ്ഞ തീയതിയിൽ ഇ-ലേലത്തിൽ ആരും പങ്കെടുക്കാതിരിക്കുകയോ അവധി പ്രഖ്യാപിക്കുകയോ ചെയ്യുകയാണെങ്കിലും Reserve Price/ STA നിരക്ക് ലഭിക്കാതെ ടി ലേലം സ്ഥിരപ്പെടുത്താതിരിക്കുകയാണെങ്കിലും **31.12.2025, 09.01.2026 & 17.01.2026** എന്നീ തീയതികളിൽ അതേ സമയം പുനർ ഇ-ലേലം നടത്തുന്നതാണ്.

കോട്ടയം റബ്ബർ ബോർഡിലെ ഇക്കണോമിക്സ് ഡിവിഷൻ ശാസ്ത്രജ്ഞർ പരിശോധിച്ച് വാല്യുവേഷൻ കണക്കാക്കിയിരിക്കുന്നത്.

**ടെണ്ടർ പട്ടിക**

| ക്രമ നം | തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം (ഹെ) | തരംതിരിച്ച അളവും നിരക്കും | റിമാർക്സ് |
|---|---|---|---|---|
| 1 | Rubber Trees standing in 15 Locations under Alathur Range | 2705 | Mentioned in the Annexure Statement | Cumulative Rates to be quoted |
| 2 | Rubber Trees standing in Rosary Estate, Thuthamppara under Nelliyampathy Range | 2399 | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| ഇ-ലേല പരസ്യം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | **17.12.2025 1.30 PM** | **24.12.2025 1.30 PM** | **01.10.2026 1.30 PM** | **09.01.2026 1.30 PM** |
| ഇ-ലലം കൊള്ളുന്നതിനുള്ള തീയതിയും സമയവും | **24.12.2025 1.30 PM** | **31.12.2025 1.30 PM** | **09.01.2026 1.30 PM** | **17.01.2026 1.30 PM** |
| ഇ-ലേലം അവസാനിക്കുന്ന തീയതിയും സമയവും | **24.12.2025 3.30 PM** | **31.12.2025 3.30 PM** | **09.01.2026 3.30 PM** | **17.01.2026 3.30 PM** |
| നിരതദ്രവ്യം | **25,000/- രൂപ** | | | |
| കരാർ കാലാവധി | ഇ-ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതിമുതൽ **90** ദിവസമോ **31.05.2025** തീയതിയോ ഏതാണോ ആദ്യം വരിക ആയത് | | | |

<u>**ഇ-ലേല നിബന്ധനകൾ**</u>

**1. പൊതു നിബന്ധനകൾ**

**(എ).** മാർക്ക് ചെയ്ത മരങ്ങളുടെ വ്യാപ്തത്തിന്റെ നിരക്കനുസരിച്ചായിരിക്കും ഇ-ലേലം നടത്തുന്നത്. മരങ്ങൾ മുറിച്ച് വീഴ്ത്തി കഷണങ്ങളാക്കി അട്ടിവെയ്ക്കുന്നതിന്റെ ചെലവ് ലേലക്കാരൻ വഹിക്കേണ്ടതാണ്.

**(ബി).** വിജയിയാകുന്ന ലേലക്കാരൻ എഗ്രിമെന്റ് ഷെഡ്യൂളിൽ പറയുന്ന ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ എല്ലാം തന്നെ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മറ്റ് ഇനങ്ങളിലുള്ള മരങ്ങൾ നിലനിർത്തേണ്ടതാണ്.

**(സി).** ഇ-ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ലേലക്കാരൻ തോട്ടം പരിശോധിച്ച് ഉൽപ്പന്നത്തിന്റെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലം കഴിഞ്ഞ് അളവും ഗുണനിലവാരവും സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല.

**(ഡി).** ലേലക്കാരൻ ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ ഭാഗീകമായോ പൂർണ്ണമായോ വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിൽ നിന്നും വിലക്കുന്നതിന് ഭരണപരമായ കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ കേരള വനം വകുപ്പിന് (നെന്മാറ വനം ഡിവിഷന്) അധികാരമുണ്ടായിരിക്കും.

**(ഇ).** ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വ്യക്തികൾ ആധാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷിപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റും സ്ഥാപനങ്ങളാണെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയോ ലൈസൻസിന്റേയോ പകർപ്പും നിരതദ്രവ്യത്തോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**(എഫ്).** ഇ-ലേലത്തിൽ പങ്കെടുക്കുന്ന ലേലക്കാർ വനം വകുപ്പ് ഉദ്യോഗസ്ഥർ കൈമാറുന്ന നിശ്ചിത വിസ്തൃതിയിലുള്ള തോട്ടത്തിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൽ മാത്രം വെട്ടി ശേഖരിച്ച് നീക്കം

ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്ന തോട്ടത്തിലെ മറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നും തന്നെ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(ജി). വിജയിക്കുന്ന ലേലക്കാരൻ പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ, ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

ഇത്തരത്തിൽ ദർഘാസുകാരൻ/ലേലക്കാരൻ ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദു ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കൂപ്പ് പുനർലേലം ചെയ്യുന്നതായിരിക്കും.

(എച്ച്). ഇ ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല.

**2. നിരതദ്രവ്യം**

ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ലേലക്കാർ **25,000/- രൂപ** നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമ പ്രകാരമുള്ള നിരതദ്രവ്യം ഇ-പെയ്മെന്റ്/ ഇ-ട്രഷറി വഴി കെട്ടി വയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.

**3. ജി.എസ്സ്.ടി, വരുമാന നികുതി തുടങ്ങിയവ**

(എ). ലേലത്തിൽ വിജയിയാകുന്ന ലേലക്കാരൻ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകളിൽ ജി.എസ്സ്.ടി, വരുമാന നികുതി, വന വികസന നികുതി കൂടാതെ പ്രാബല്യത്തിലുള്ള മറ്റെല്ലാ നികുതികളും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(ബി). വിജയിയാകുന്ന ലേലക്കാരൻ ലേലവുമായി ബന്ധപ്പെട്ട മുഴുവൻ ജി.എസ്സ്.ടി തുകയും, ജി.എസ്സ്.ടി നിരക്കുകളിൽ മാറ്റം വരുന്ന പക്ഷം പുതുക്കിയ നിരക്കിലുള്ള ജി.എസ്സ്.ടി തുകയും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(സി). വിജയിയാകുന്ന ലേലക്കാരൻ ഇൻഡ്യൻ സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാംമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതാണ്. സ്റ്റാംമ്പ് ഡ്യൂട്ടിയിൽ എന്തെങ്കിലും കുറവുള്ളതായി പിന്നീട് കണ്ടെത്തിയാൽ ആ തുക ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിന് വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

**4. ഉടമ്പടി**

വിജയിയാകുന്ന ലേലക്കാരൻ **5%** സെക്യൂരിറ്റി തുക ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ഒടുക്കി ലേലത്തുകയുടെ 0.1 ശതമാനം വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ്. സെക്യൂരിറ്റി തുക (നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേർക്ക് Pledge ചെയ്തത്) കേരള സർക്കാരിന്റെ ട്രഷറി / ബാങ്ക് മുഖേനയുള്ള സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള രസീത് ആയിരിക്കണം. **35%** ലേലത്തുകയും **5%** സെക്യൂരിറ്റി തുകയും ഒടുക്കി ഉടമ്പടി ഒപ്പ് വച്ചതിനുശേഷം മാത്രമെ ജോലിതുടങ്ങുന്നതിനും **100%** ലേലത്തുകയും നികുതികളും അടവാക്കിയതിനു ശേഷം മാത്രമെ ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനും അനുവദിക്കുകയുള്ളു. ലേല തുക കണക്കാക്കുന്നത് തോട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങളുടെ തിട്ടപ്പെടുത്തിയ വ്യാപ്തത്തിന് അനുസരിച്ചായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**5. തുകയും നികുതികളും ഒടുക്കുന്നത്**

വിജയിയായ ലേലക്കാരൻ ലേലതുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) **35%** ലേലത്തുകയും വനവികസന നികുതിയും ചരക്ക് സേവന നികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതിമുതൽ 7 ദിവിസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. **65%** ലേലത്തുക 40 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12 ശതമാനം പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദീർഘിപ്പിച്ചു നൽകുന്നതാണ്. 18 ശതമാനം പിഴ പലിശ ഒടുക്കുന്നതിന് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ചു നൽകുന്ന രണ്ട് കാലാവധികൾക്കുള്ളിലും മേൽപറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ചവരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും മറ്റെല്ലാ തുകകളും സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

**6. കരാർ കാലാവധി**

(എ) കരാർ കാലാവധി ലേലസ്ഥിരീകരണ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ **90** ദിവസമോ **31.05.2025** തീയതിയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതി വരെയായിരിക്കും. സാധാരണഗതിയിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല. പ്രത്യേക സാഹചര്യങ്ങളിൽ ന്യായമായ കാരണങ്ങളാൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഒരു ഹെക്ടറിന് 2500/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതായിരിക്കും. തുടർന്ന് പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഒരു ഹെക്ടറിന് 5000/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കൂടി ഇപ്രകാരം ദീർഘിപ്പിച്ച് നൽകുന്ന 60 ദിവസത്തിനുശേഷം യാതൊരു കാരണവശാലും കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(i) ദീർഘിപ്പിച്ചു നൽകിയ സമയത്തിനുള്ളിലും ഉടമ്പടി പ്രകാരം ശേഖരിച്ച ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നില്ലായെങ്കിൽ ആയത് സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അതിൽ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

(ii)മേൽപ്രകാരമുള്ള സാഹചര്യത്തിൽ ലേലക്കാരൻ പൂർത്തിയാക്കാതെപോയ ജോലികൾ മറ്റ് ഏതെങ്കിലും തരത്തിൽ പൂർത്തിയാക്കുന്നതും, അപക്രാരം സർക്കാരിനുണ്ടാകുവാൻ സാധ്യതയുള്ള എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരമുണ്ടാകുന്ന എല്ലാവിധ നഷ്ടങ്ങളും റവന്യു റിക്കവറി ഉൾപ്പെടെ നിലവിലുള്ള നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

**(ബി)** ഉടമ്പടി പ്രകാരം മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എത്തിച്ച് ശേഖരിക്കുന്ന സ്ഥലം മുൻകൂറായി ലേലക്കാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുൻകൂറായി അറിയിച്ചിരുന്ന സ്ഥലത്തുനിന്നും ഉൽപ്പന്നങ്ങൾ മറ്റ് ഏതെങ്കിലും സ്ഥലത്ത് സൂക്ഷിക്കുവാൻ ഇടയാകുന്നപക്ഷം ആ വിവരവും നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂറായി അറിയിക്കേണ്ടതാണ്...

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**7. സെക്യൂരിറ്റി ഡിപ്പോസിറ്റ്**

**(എ)** ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനുള്ളിൽ ലേലക്കാരൻ മുഴുവൻ 35% ലേലത്തുകയും വനവികസന നികുതിയും ചരക്ക് സേവന നികുതിയും ആദായ നികുതിയും 5% സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഉടമ്പടി വ്യവസ്ഥകൾ പ്രകാരം ജോലികൾ വിജയകരമായി നിർവ്വഹിച്ചശേഷം ജി.എസ്.റ്റി. ക്ലിയറൻസ് സർട്ടിഫിക്കറ്റ്, വരുമാന നികുതി സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കുന്ന മുറയ്ക്ക് മാത്രം വിട്ടുനൽകുന്നതാണ്. ജോലികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉണ്ടാകുന്നപക്ഷം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

**(ബി)** സെയിൽ കൂപ്പുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

**8. മരങ്ങളുടെ വെട്ടി ശേഖരണം സംബന്ധിച്ച പൊതു വ്യവസ്ഥകൾ**

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉൽപന്നങ്ങളുടെ വെട്ടിശേഖരണം നടത്തേണ്ടതാണ്.

**(എ)** ലേലത്തിലെടുത്തിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.

**(ബി)** നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നോ ആലത്തൂർ / നെല്ലിയാമ്പതി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ രേഖാമൂലമുള്ള അനുവാദം വാങ്ങാതെ ലേലക്കാരനോ, ലേലക്കാരന്റെ ഏജന്റോ മറ്റ് ജോലിക്കാരോ കൂപ്പിനുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

**(സി)** കരാർ കാലാവധി കഴിയുന്നതുവരെ ലേലക്കാരൻ തോട്ടങ്ങളുടെ അതിരുകൾ രണ്ട് മീറ്റർ വീതിയിൽ അതിരുകൾ വ്യക്തമാകത്തക്കവിധം അടിക്കാട് തെളിച്ച് സൂക്ഷിക്കേണ്ടതാണ്. ലേലക്കാരൻ ഇപ്രകാരം ചെയ്യാത്തപക്ഷം ആയത് ഡിപ്പാർട്ടുമെന്റലായി നിർവ്വഹിക്കുന്നതും ആയത് മൂലമുണ്ടാകുന്ന ചെലവുകൾക്കും മറ്റ് നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ലേലക്കാരനിൽ നിന്നും നോട്ടീസ് നൽകി ഈടാക്കുന്നതുമായിരിക്കും.

**(ഡി)** കരാർ ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജന്റിന്റെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജന്റ്/ ഏജന്റുമാരുടെ പേര്, അഡ്രസ്സ്, സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജന്റിനെ നിരസിക്കു വാനുള്ള അധികാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കേരള വനം വകുപ്പോ, കേരളാ സർക്കാരോ കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തികളെ ഏജന്റായോ, ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല.

**(ഇ)** കരാറുകാരൻ ഏർപ്പെടുത്തുന്ന ഏജന്റുമാർക്കും, ജോലിക്കാർക്കും അവരുടെ പേര്, വയസ്സ്, നിലവിലെ മേൽവിലാസം, കാലാവധി എന്നിവ രേഖപ്പെടുത്തിയ രേഖാമൂലമുള്ള തിരിച്ചറിയൽ രേഖ നൽകേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥരോ, പോലീസോ ആവശ്യപ്പെടുന്നപക്ഷം ഏത് സമയത്തും ടി തിരിച്ചറിയൽ രേഖ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

**(എഫ്)** ലേലക്കാരനും ഏജന്റും ജോലിക്കാരും കേരളാ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

(ജി) ലേലക്കാരും, ഏജന്റും ജോലിക്കാരും കരാർ പ്രകാരമുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് നിന്നും യാതൊരു കാരണവശാലും മറ്റ് വനപ്രദേശങ്ങളിലേയ്ക്ക് തീ പടരുവാനുള്ള സാധ്യതകൾ സൃഷ്ടിക്കരുത്.

(എച്ച്) ഏതെങ്കിലും കാരണവശാൽ കരാർ ജോലികൾ നടന്നുകൊണ്ടിരിക്കുന്ന വനപ്രദേശത്തോട് ചേർന്ന് തീ പിടുത്തമുണ്ടാകുന്ന പക്ഷം തീ അണയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും തീ ഉണ്ടായിട്ടുള്ള വിവരം ബന്ധപ്പെട്ട വനം വകുപ്പ്, പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഐ) കരാർ വ്യവസ്ഥ പ്രകാരം വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ മൂലമോ മോഷണം മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദിയായിരിക്കു ന്നതാണ്. വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

(ജെ) ലേലക്കാരനും ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരളാ ഫോറസ്റ്റ് ആക്ട്, വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ക്രിമിനൽ കുറ്റങ്ങളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലിസ്ഥലത്ത് അനുവദനീയരല്ല.

(കെ) കരാർ എടുത്തിട്ടുള്ള തോട്ടത്തിലേയോ സമീപ റിസർവ്വുകളിലേയോ മരങ്ങൾക്ക് ഉണ്ടാകാവുന്ന എല്ലാവിധ നാശങ്ങൾക്കും നഷ്ടങ്ങൾക്കും കരാറുകരാൻ ഉത്തരവാദിയായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ കരാറുകാരൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(എൽ) ലേലക്കാരൻ ആവശ്യപ്പെടുന്നപക്ഷം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ കൂപ്പിന് പുറത്ത് ബില്ലറ്റുകൾ സൂക്ഷിക്കുവാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവാദം നൽകുന്നതാണ്.

(എം) കരാറെടുത്തിട്ടുള്ള കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന എല്ലാവിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും കരാറെടുത്തിട്ടുള്ള ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന പക്ഷം ആയത് വനം വകുപ്പ് ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ചെയ്യാത്തപക്ഷം കരാർ റദ്ദാവുന്നതാണ്.

**10. മരങ്ങൾ മുറിക്കുന്നതുള്ള വ്യവസ്ഥകൾ**

(എ) താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മരങ്ങൾ മുറിക്കുവാൻ പാടുള്ളൂ.

(i) കരാർ എടുത്തിരിക്കുന്ന തോട്ടം 10 ഹെക്ടർ വീതമുള്ള ബ്ലോക്കുകളായി തിരിച്ച് മാത്രമേ മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളൂ.

(ii) കരാർ എടുത്തിട്ടുള്ള തോട്ടത്തിൽ നിൽക്കുന്ന മറ്റ് മരങ്ങൾക്കും സസ്യജാലങ്ങൾക്കും കേടുപാടു ണ്ടാകാതെ വേണം വെട്ടി ശേഖരണം നടത്തേണ്ടത്.

(iii) മരങ്ങൾ മുറിച്ച് നീക്കം ചെയ്യുമ്പോൾ താഴെപ്പറയുന്ന മുൻകരുതലുകൾ കൂടി സ്വീകരിക്കേണ്ടതാണ്.

(എ) മരങ്ങൾ തോട്ടത്തിന്റെ ഉയർന്ന ഭാഗത്തുനിന്നും താഴേക്കുമാത്രമേ മുറിക്കാവൂ. തോട്ടത്തിൽ നിന്നും മരങ്ങൾ മുറിച്ച് നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വഴിയുടെ ഏറ്റവും അവസാന ഭാഗത്തുനിന്നും മാത്രമേ മരങ്ങൾ മുറിച്ച് തുടങ്ങാവൂ.

(ബി) മരങ്ങൾ പരമാവധി മൂർച്ചയുള്ള ഉപകരണം കൊണ്ട് മുറിക്കേണ്ടതും, മരക്കുറ്റികൾ മൺ നിരപ്പിൽ നിന്നും പരമാവധി 15 സെന്റീമീറ്റർ മുകളിലേയ്ക്ക് മാത്രം നിൽക്കുന്ന തരത്തിലും മുറിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(സി)** ബില്ലറ്റുകൾ വാൾ ഉപയോഗിച്ച് മാത്രമേ മുറിക്കാവൂ.

**(ഡി)** കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ മറ്റ് ജോലിക്കാരിൽ നിന്നോ ഉണ്ടാകുന്ന നോട്ടക്കുറവ്

മൂലം ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

**11. പൾപ്പ് വുഡ് ഉത്പന്നങ്ങൾ നീക്കം ചെയ്യുന്നത്.**

ലേലക്കാരൻ വെട്ടിശേഖരിക്കുന്ന ഉത്പന്നങ്ങൾ സ്വന്തം ചെലവിലും ക്രമീകരണത്തിലും നിർദ്ദിഷ്ട സ്ഥലത്തേക്ക് കടത്തിക്കൊണ്ട് പോകേണ്ടതാണ്. ഉത്പന്നങ്ങൾ ലേലക്കാരനോ അദ്ദേഹത്തിന്റെ ഏജന്റോ കടത്തിക്കൊണ്ട് പോകേണ്ടത് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിസ്റ്റ് റൂളുകളിൽ പറയും പ്രകാരം നിർദ്ദിഷ്ട പാസ്സോടുകൂടി ആയിരിക്കണം. പാസ്സുകൾ വനം വകുപ്പ് നൽകുന്നതായിരിക്കും. ലേലക്കാരൻ ഉൽപ്പന്നൾ കടത്തിക്കൊണ്ട് പോകേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിച്ച വഴികളിലൂടെയും കെ.എഫ്.പിറ്റി റൂൾസ് മോട്ടോർ വെഹിക്കിൾസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾ പാലിച്ചുമായിരിക്കണം.

**12. കടത്ത് പാസ്സ് നൽകുന്നത്.**

ലേലക്കാരൻ അല്ലെങ്കിൽ ഏജന്റിന് ഇൻവോയിസ് നൽകിയ ശേഷം ഉൽപ്പന്നൾ കടത്തിക്കൊണ്ട് പോകുന്നതിന് പാസ്സ് നൽകുന്നതാണ്. എന്നാൽ കടത്തിക്കൊണ്ട് പോകാൻ അനുവദിച്ചിട്ടുള്ള ഉൽപന്നങ്ങളുടെ വില അഡ്വാൻസ് തുകയിൽ അധികരിക്കുവാൻ പാടില്ല.

**(എ).** ഇൻവോയിസ് തയ്യാറാക്കിയ ശേഷം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ നിർദ്ദിഷ്ട സ്ഥലത്തേക്ക് ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് നിയമപ്രകാരം പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം III വെള്ള/ ഫോം III ചുവപ്പ് പാസ്സ് നൽകുന്നതായിരിക്കും

**(ബി)** ശേഖരിച്ച ഉൽപന്നങ്ങൾ തോട്ടത്തിൽ തന്നെയുള്ള ഡംബിഗ് സൈറ്റിലേക്ക് കടത്തിക്കൊണ്ട് പോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസർ/ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം V പെർമിറ്റുകൾ നൽകുന്നതാണ്.

**(സി)** വെട്ടിശേഖരിച്ച ഉത്പന്നങ്ങൾ ചെക്ക് മെഷർമെന്റിന് ശേഷം സംസ്ഥാനത്തിന് അകത്തുള്ള നിർദ്ദിഷ്ട സ്ഥലത്തേക്ക് ഒറ്റ തവണയായി കൊണ്ടുപോകുവാൻ കഴിയുന്നില്ലായെങ്കിൽ ആവശ്യമായ ഫോം VI മഞ്ഞ സബ്സിഡറി പാസ്സുകൾ, പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

**(ഡി)** പാസ്സുകളുടെ കണക്കുകൾ ലേലക്കാരൻ സൂക്ഷിക്കേണ്ടതും രണ്ട് ആഴ്ചകൂടുമ്പോൾ ഡി.എഫ്.ഓയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

**(ഇ)** ലേലക്കാരൻ ശേഖരിച്ച് അട്ടിവെച്ചിട്ടുള്ള ഉത്പന്നങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ പരിശോധനയ്ക്ക് വിധേയമായിരിക്കും.

**(എഫ്)** ഉത്പന്നങ്ങളുടെ നിർദ്ദിഷ്ട സ്ഥലത്തേക്കോ ഇടക്കാല സ്ഥലത്തേക്കോ ഉള്ള കടത്ത് റെയിഞ്ചാഫീസർ നിർദ്ദേശിക്കുന്ന വഴികളിലൂടെ ആയിരിക്കണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**13. ഉൽപന്നങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള കാലതാമസം– പാസ്സുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**

ലേലക്കാരൻ പാസ്സ് നൽകി 30 ദിവസിനകമോ കരാർ കാലാവധിക്കുള്ളിലോ ഏതാണോ ആദ്യം വരിക ആ തീയതിയ്ക്കകം ഉൽപന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടതാണ്. പാസ്സിന്റെ കാലാവധി ഒരു മാസമോ അതിൽ കുറവുള്ള കാലയളവിലേക്കോ $M^3$ or MT ന് 100 രൂപ നിരക്കിൽ പിഴപ്പലിശ ഈടാക്കിക്കൊണ്ട് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണ്. 30 ദിവസത്തിൽ കൂടുതൽ കാലയളവിലേക്കുള്ള കാലാവധി $M^3$ or MT ന് പ്രതിമാസം 200 രൂപ ഈടാക്കിക്കൊണ്ട് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ദീർഘിപ്പിച്ച് നൽകുന്നതാണ്.

**14. ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ പാസ്സുകളുടെ കൗണ്ടർ ഫോയിലുകൾ**

കരാർ കാലാവധിയോ ദീർഘിപ്പിച്ച കാലാവധിയോ കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർ ഫോയിലുകളും ഉപയോഗിക്കാത്തപാസ്സുകളും ലേലക്കാരൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്. കരാർ റദ്ദാക്കുകയാണെങ്കിലും ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്.

**15. രേഖകളുടെ സൂക്ഷിപ്പ്**

ഉൽപ്പന്നളുടെ വെട്ടിശേഖരണവും കടത്തിക്കൊണ്ട് പോകലും സംബന്ധിച്ച കൃത്യവും വിശദവുമായ കണക്കുകൾ ലേലക്കാർ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും റെയിഞ്ചാഫീസർക്കും നൽകേണ്ടതാണ്. ലേലക്കാരൻ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ റെയിഞ്ച് ഫോറസ്റ്റ് ആഫീസറിൽ കുറയാത്ത റാങ്കുള്ള ഏതൊരു വനം വകുപ്പ് ഉദ്യോഗസ്ഥന്റേയും പരിശോധനയ്ക്ക് വിധേയമായിരിക്കും. പ്രോഗ്രസ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രതിമാസം 500 രൂപ നിരക്കിൽ ലേലക്കാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

**16. കരാർ തോട്ടങ്ങൾ തിരികെ നൽകുന്നത്**

കരാർ കാലാവധി കഴിയുന്നതോ ജോലിപൂർത്തിയാക്കുന്നതോ ഏതോണോ ആദ്യംവരുക അത് കഴിഞ്ഞാൽ ഉടൻതന്നെ റെയിഞ്ചാഫീസറും കരാർകാരന്റെ അംഗീകൃത ഏജന്റും ചേർന്ന് സംയുക്ത മഹസ്സർ തയ്യാറാക്കിയതിനുശേഷം ലേലക്കാരൻ തോട്ടം ഡിപ്പാർട്ട്മെന്റിന് കൈമാറേണ്ടതാണ്. കരാറുകാരനോ ഏജന്റോ ഹാജരായില്ലെങ്കിൽ റെയിഞ്ചാഫീസർ എക്സ്പാർട്ടി മഹസ്സർ തയ്യാറാക്കി തോട്ടം തിരികെ എടുക്കുന്നതാണ്. റെയിഞ്ചാഫീസർ തിട്ടപ്പെടുത്തുന്നതും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്നതുമായ നഷ്ടം എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. കരാർ കാലാവധി കഴിഞ്ഞാൽ ഉടൻ തന്നെ വെട്ടി ശേഖരണം പൂർത്തിയാക്കി കരാർ എടുത്തിട്ടുള്ള ഏരിയ റീപ്ളാന്റിഗിനായി തിരകെ നൽകിയില്ലായെങ്കിൽ ഒര് തൈക്ക് 10 രൂപ നിരക്കിൽ ഹെക്ടറിന് 1600 എണ്ണം/ഹെ. ക്രമത്തിൽ തൈകളുടെ വില ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

**17. കോൺട്രാക്ട് വ്യവസ്ഥകളുടെ ലംഘനത്തിനുള്ള മറ്റ് പിഴകൾ**

കരാർ വ്യവസ്ഥകൾ മൊത്തമായോ ഏതെങ്കിലും വ്യവസ്ഥകൾ മാത്രമായോ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ താഴെപ്പറയും പ്രകാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ കൊല്ലം സതേൺസർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ തിട്ടപ്പെടുത്തിയ പിഴ ഒടുക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| എ | 15 സെമി ചുറ്റുവണ്ണമുള്ള ഉത്പന്നങ്ങൾ ശേഖരിക്കാതെ ഉപേക്ഷിക്കുന്നതിന് | റെയിഞ്ചാഫീസർ തിട്ടപ്പെടുത്തി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്ന ഉത്പന്നങ്ങളുടെ വില |
| ബി | കരാർ കാലാവധി കഴിഞ്ഞ് മരങ്ങൾ മുറിച്ച് നീക്കാതെ അവശേഷിക്കുന്ന ഏരിയ | ഹെക്ടറിന് 5000 രൂപ |
| സി | മരങ്ങളുടെ ഭാവിയിലേക്കുള്ള വളർച്ച് തടസ്സപ്പെടുത്തുന്ന വിധത്തിൽ കേടുപാടുകൾ വരുത്തുന്നതിന് | ഒരു മരത്തിന് 500 രൂപ |

**18. ഇൻകംടാക്സ് പെയ്മെന്റ്**

**(എ)** 1961 ലെ ഇൻകംടാക്സ് നിയമപ്രകാരമുള്ള ഇൻകംടാക്സ് നികുതി ഇളവിനായി കരാറുകാരൻ 27 സി ഫോറത്തിലുള്ള ഡിക്ളറേഷൻ ഉത്പന്നങ്ങൾക്കുള്ള ഇൻവേയ്സ് നൽകുന്നതിന് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**(ബി).** കരാറുകാരൻ നിർദ്ദിഷ്ട ഡിക്ളറേഷൻ സർപ്പിക്കുന്നില്ലായെങ്കിൽ ലേല തുകയോടൊപ്പം സെക്ഷൻ 6 സി പ്രകാരമുള്ള ഇൻകംടാക്സ് ഒടുക്കേണ്ടതാണ്.

**19. തുക ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റുന്നതിന് കരാറുകാരൻ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ**

കരാറുകാരന്റെ പേരിലുള്ള നോട്ടീസുകൾ ഇൻവേയ്സുകൾ എന്നിവ കൈപ്പറ്റുന്നതിന് കരാറുകാരൻ നേരിട്ടോ ഏജന്റ് മുഖേനയോ ക്രമീകരണങ്ങൾ വരുത്തുകയോ ശരിയായ പോസ്റ്റൽ മേൽ വിലാസം നൽകുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അയയ്ക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ തിരികെ വരുകയാണെങ്കിൽ ആയവ കേരാറുകാരൻ കൈപ്പറ്റിയതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**20. കോൺട്രാക്റ്റ് ക്യാൻസൽ ചെയ്യുന്നതിലേയ്ക്ക് നയിക്കുന്ന സംഭവങ്ങൾ**

(എ) കോൺട്രാക്ട് വ്യവസ്ഥകളിലെ ഒന്നോ അധിലധികമോ വ്യവസ്ഥകൾ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ കരാർ ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള തുക കണ്ട് കെട്ടുന്നതിനും ടിയാൻ ശേഖരിച്ചിട്ടുള്ള ഉത്പന്നങ്ങൾ കണ്ട് കെട്ടുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. ഈ വിവരം കരാറുകാരനെ അക്ക്നോളഡ്ജ്മെന്റ് കാർഡോടുകൂടിയ രജിസ്ട്രേഡ് കത്ത് മുഖേന അറിയിക്കുന്നതാണ്.

(ബി) കരാർ എടുത്തിട്ടുള്ള ഏരിയായ്ക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ അനധികൃമായി തടിമുറിച്ച് നീക്കം ചെയ്യുകയോ മറ്റ് ഏതെങ്കിലും ഉൽപന്നങ്ങൾ നീക്കം ചെയ്യുകയോ ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുകയോ ചെയ്താൽ ആയതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അനധികൃമായ മരം മുറിയോ വേട്ടയാടലോ കരാറുകാരന്റെ അറിവോടുകൂടിയല്ലായെന്ന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ തെളിയിച്ചില്ലായെങ്കിൽ കരാർ റദ്ദാക്കുന്നതും കരാർകാരൻ ഒടുക്കിയിട്ടുള്ള തുകയും കരാറുകാരൻ ശേഖരിച്ചിട്ടുള്ള ഉൽപന്നങ്ങളും കണ്ട് കെട്ടുന്നതുമായിരിക്കും.

(സി) കരാർ ക്യാൻസൽ ചെയ്യുകയാണെങ്കിൽ ആതോട്ടം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ ലഭിക്കുന്ന ഏറ്റവും മുകച്ച തുകയ്ക്ക്, ആദ്യം

ലേലത്തുക എത്രയെന്ന് പരിഗണിക്കാതെ ലേലം ഉറപ്പിക്കുന്നതായിരിക്കും. പുനർ ലേലത്തിൽ ആദ്യലേലത്തേക്കാൾ കുറഞ്ഞതുകയാണ് ലഭിക്കുന്നതെങ്കിൽ വ്യത്യാസമുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതും അധികം തുകയാണ് ലഭിക്കുന്നതെങ്കിൽ ആയതിന് കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ള സന്ദർഭത്തിൽ വെട്ടി ശേഖരിച്ച് വെച്ച ഉൽപന്നങ്ങളുടെ അളവിലോ തൂക്കത്തിലോ കുറവ് വന്നാൽ അത് സർക്കാർ നഷ്ടമായി കണക്കാക്കുന്നതും കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

**21. നഷ്ടമോ കേടുപാടുകളോ ഉണ്ടാകുന്നതിൽ നിന്നുള്ള സംരക്ഷണം.**

**(എ)** പ്രകൃതി ദുരന്തങ്ങളോ കാലാവസ്ഥാവ്യതയാനമോ അസുഖമോ മറ്റേതെങ്കിലും കാരണവശാലോ ഡിപ്പാർട്ട്മെന്റിന് ഉൽപന്നങ്ങൾ നൽകാൻ സാധിക്കുന്നില്ലായെങ്കിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

